**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6493** | **20-03-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകൾക്ക് ശുദ്ധജല വിതരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ; | (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽപ്പെട്ട എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം, മുളവുകാട്, കടമക്കുടി എന്നീ 6 പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നത് താഴെപ്പറയുന്ന ശുദ്ധജല വിതരണ പദ്ധതികളിൽ നിന്നുമാണ്.<br><br>**<u>1.എറണാകുളം മട്ടാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി</u>**<br><br>2003-ൽ സ്ഥാപിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയിലൂടെയാണ് എളംകുന്നപ്പുഴ പഞ്ചായത്തിൽ പൂർണ്ണമായും, ഞാറക്കൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ശുദ്ധജലം വിതരണം ചെയ്യുന്നത്. പെരിയാറിൽ നിന്നുമുള്ള ജലം ആലുവ ജലശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് പൈപ്പിലൂടെ വടുതല ജല സംഭരണിയിൽ എത്തിക്കുകയും, അവിടെ നിന്നും കായലിനടിയിലൂടെ സ്ഥാപിച്ചിട്ടുള്ള പൈപ്പിലൂടെ പമ്പ് ചെയ്താണ് വൈപ്പിനിലെ ഓച്ചംതുരുത്തിൽ സ്ഥാപിച്ചിട്ടുള്ള 50 ലക്ഷം ലിറ്റർ ശേഷിയുള്ള ജല സംഭരണിയിൽ എത്തിക്കുന്നത്. അവിടെ നിന്നും ഒന്നിടവിട്ട ദിവസങ്ങളിൽ ഫോർട്ട് വൈപ്പിൻ ഉൾപ്പെട്ട എളംകുന്നപ്പുഴ പഞ്ചായത്തിന്റെ തെക്ക് ഭാഗത്തേക്കും, ഞാറക്കൽ ഉൾപ്പെട്ട എളംകുന്നപ്പുഴ പഞ്ചായത്തിന്റെ വടക്ക് ഭാഗത്തേക്കും വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുന്നു. ജിഡ പദ്ധതിയിൽ മാലിപ്പുറത്തു നിർമ്മിച്ചിട്ടുള്ള 13.80 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയും ഇതിനായി ഉപയോഗിക്കുന്നുണ്ട്. വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവുകാട് പഞ്ചായത്തിൽ എറണാകുളം - മട്ടാഞ്ചേരി വാട്ടർ സപ്ലൈ സ്കീം പ്രകാരമാണ് കുടിവെള്ള വിതരണം നടത്തുന്നത്. |

| | | | |
|---|---|---|---|
| | | | **<u>2.ചൊവ്വര ജലശുദ്ധീകരണ പദ്ധതി</u>**<br><br>2006-ൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത പദ്ധതി മുഖേനയാണ് പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ പൂർണ്ണമായും, ഞാറക്കൽ പഞ്ചായത്തിലെ കുറെ ഭാഗങ്ങളിലും വെള്ളം വിതരണം ചെയ്യുന്നത്. പെരിയാറിൽ നിന്നുമുള്ള ജലം ചൊവ്വര ജലശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് പൈപ്പിലൂടെ വടക്കൻ പറവൂരിലുള്ള ജല സംഭരണിയിൽ എത്തിച്ച്, അവിടെ നിന്നും പമ്പ് ചെയ്താണ് വെള്ളം വൈപ്പിൻ മേഖലയിലേക്ക് എത്തിക്കുന്നത്. ജിഡ ഫിഷറീസ് പദ്ധതിയിൽ എടവനക്കാട് അണിയിൽ നിർമ്മിച്ചിട്ടുള്ള 11.15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയും ഇതിനായി ഉപയോഗിക്കുന്നുണ്ട്.<br><br>**<u>3.GIDA കുടിവെള്ള പദ്ധതി</u>**<br><br>GIDA – WSS to Kadamakkudy and Varapuzha Panchayath എന്ന പദ്ധതിയാണ് കടമക്കുടി പഞ്ചായത്തിലേയ്ക്ക് ജല വിതരണത്തിനായി ആവിഷ്കരിച്ചിട്ടുള്ളത്. കടമക്കുടി പഞ്ചായത്തിലേയും വരാപ്പുഴ പഞ്ചായത്തിലേയും 2036-ലെ ജനസംഖ്യക്ക് അനുപാതമായി കുടിവെള്ള വിതരണം പ്രശ്നരഹിതമായി നടത്തുന്നതിനു വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് |
| (ബി) | പ്രസ്തുത പദ്ധതികളിൽ നിന്നും എത്ര MLD ജലം വിതരണം ചെയ്യുന്നുണ്ടെന്നും ജലശുദ്ധീകരണ ശാലയിൽ നിന്നും പ്രസ്തുത പദ്ധതികളിലേക്ക് വിതരണത്തിനായി ലഭ്യമാകുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | **എറണാകുളം മട്ടാഞ്ചേരി ശുദ്ധജല വിതരണ പദ്ധതിയുടെ ആലുവ ശുദ്ധീകരണ ശാലയിൽ നിന്നും ശരാശരി 10.50 MLDവെള്ളവും, ചൊവ്വര ജല ശുദ്ധീകരണ പദ്ധതിയിൽ നിന്നും ശരാശരി 21 MLD വെള്ളവും ഉൾപ്പെടെ മൊത്തം 31 MLDവെള്ളമാണ് വിതരണം ചെയ്യുന്നത്. GIDA പദ്ധതിയിൽ ഉൾപ്പെട്ട പച്ചാളം പമ്പ് ഹൗസിൽ നിന്നും 2.5MLD വെള്ളവും വടുതല പമ്പ് ഹൗസിൽ നിന്ന് 0.5 MLD വെള്ളവും മുളവുകാട് പഞ്ചായത്തിലേയ്ക്ക് വിതരണം ചെയ്യുന്നു.**<br><br>**പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മൂപ്പത്തടത്ത് സ്ഥാപിച്ച 4.5 MLD പ്ലാന്റിൽ നിന്നും ജലം പിഴല പമ്പ് ഹൗസിൽ എത്തിച്ച് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ടാങ്കുകൾ വഴി ജലവിതരണം നടത്തിവരുന്നു. ജലശുദ്ധീകരണ ശാലയിൽ നിന്നും പ്രതിദിനം 6-7 MLD ജലം കടമക്കുടി വരാപ്പുഴ എന്നീ പഞ്ചായത്തുകൾക്കായി ലഭ്യമാക്കുന്നുണ്ട്. നിലവിൽ ഏകദേശം 2 MLD ജലം പ്രതിദിനം കടമക്കുടി പഞ്ചായത്തിൽ ജലവിതരണത്തിനായി ഉപയോഗിക്കുന്നുണ്ട്.** |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തിനായി നിലവിൽ ലഭ്യമാകുന്ന ജലം എത്രയെന്നും ആവശ്യകത എത്രയെന്നും ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരം എത്രയെന്നും വിശദമാക്കാമോ; | (സി) | **പ്രസ്തുത പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തിനായി നിലവിൽ ലഭ്യമാകുന്ന ജലം 36 MLD-യും, ആവശ്യകത 50.45 MLD-യുമാണ്. ആവശ്യകതയും, വിതരണവും തമ്മിലുള്ള അന്തരം 14.457 MLD-യാണ്.** |
| (ഡി) | ശുദ്ധജലത്തിന്റെ ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരം പരിഹരിച്ച് ശുദ്ധജലവിതരണം സുഗമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | **ആലുവയിൽ നിന്നും, ചൊവ്വരയിൽ നിന്നും അധികമായി വെള്ളം ലഭിച്ചാൽ മാത്രമേ ആവശ്യകതയും, വിതരണവും തമ്മിലുള്ള അന്തരം കുറക്കുവാൻ സാധിക്കുകയുള്ളൂ.**<br><br>**ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചൊവ്വര ജലശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണത്തിനും, നവീകരണത്തിനുമായി 482.50 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റിയുടെ ആലുവ ഡിവിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിൽ ഉൾപ്പെടുത്തി ചൊവ്വര ജലശുദ്ധീകരണ ശാലയിലേക്ക് മാത്രമായി ഇലക്ട്രിക്കൽ ഫീഡർ ലൈൻ സ്ഥാപിച്ചാൽ മാത്രമേ അടിക്കടി ഉണ്ടാകുന്ന വൈദ്യുതി തകരാറിനു ശാശ്വത പരിഹാരം സാധ്യമാകൂ. കൂടാതെ ജലശുദ്ധീകരണ ശാലയിലെ കേടായ ബെഡുകളുടെ നവീകരണവും, അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചാൽ ആവശ്യമായ വെള്ളം ചൊവ്വര ജലശുദ്ധീകര ശാലയിൽ നിന്നും ലഭിക്കുന്നതും, കുടിവെള്ള ക്ഷാമത്തിനു ശ്വാശ്വത പരിഹാരം സാധ്യമാകുന്നതുമാണ്. ആലുവയിൽ നിന്നും വടുതല ജല സംഭരണിയിലേക്ക് വെള്ളം എത്തിക്കുന്ന പൈപ്പ് വടുതല റെയിൽവേ ലൈനിനടിയിൽ നേരത്തെ സംഭവിച്ചിട്ടുള്ള ലീക്കിന്റെ ഭാഗമായി വ്യാസം കുറഞ്ഞ പൈപ്പ് സ്ഥാപിച്ച്, അതിലൂടെയാണ് വെള്ളം എത്തിക്കുന്നത്. പ്രസ്തുത പൈപ്പും, ചതുപ്പിലൂടെയും മറ്റും സ്ഥാപിച്ചിട്ടുള്ള പൈപ്പും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ പള്ളിപ്പുറം പഞ്ചായത്തിലെ മുനമ്പത്ത് National Institute of Ocean Technologyമുഖാന്തിരം തയ്യാറാക്കിയ 10 Mld ശേഷിയുള്ള ഉപ്പുവെള്ള ശുദ്ധീകരണശാലയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് പരിശോധിച്ച് വരുന്നു. നിർദ്ദിഷ്ട ആലുവ ജല ശുദ്ധീകരണ ശാലയിൽ 190 MLD പ്ലാന്റ് പൂർത്തിയാകുന്നതോടു കൂടി മുളവുകാട് പഞ്ചായത്തിന് ആവശ്യമായ വെള്ളം ലഭ്യമാകുന്നതാണ്.**<br>**കടമക്കുടി പഞ്ചായത്തിലേക്ക് വരുന്ന ജലത്തിന്റെ അളവ് വർദ്ധിപ്പിക്കാനായി മുപ്പത്തടത്ത് സ്ഥാപിച്ചിട്ടുള്ള പ്ലാന്റിലെ പമ്പ് സൈറ്റുകളിലും** |

| | | | |
|---|---|---|---|
| | | | **അനുബന്ധ പൈപ്പുകളിലും അറ്റകുറ്റപണികൾ നടത്താനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.**<br><br>1. **ബഹു.എം.എൽ.എ ശ്രീ.കെ.എൻ ഉണ്ണികൃഷ്ണൻ- വൈപ്പിൻ നിയോജക മണ്ഡലം - 2022 -2023 ലെ പ്രത്യേക വികസന നിധിയിൽ നിന്ന് തുക അനുവദിച്ചതു പ്രകാരം കടമക്കുടി പഞ്ചായത്തിലെ പുതുശ്ശേരി മുതൽ വലിയ കടമക്കുടി വരെയുള്ള പഴയ 110 എം.എം പി.വി.സി പൈപ്പ് മാറ്റി പുതിയ 110 എം.എം പി.വി.സി പൈപ്പ് ഇടുന്നതിന് കളക്ടേറ്റിൽ നിന്ന് സാങ്കേതികാനുമതി ലഭിക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് ഡിവിഷൻ തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്.**<br>2. **കടമക്കുടി പഞ്ചായത്തിലെ 4–ാം വാർഡിലുള്ള കരിക്കോട് തുരുത്ത്, ചേന്നൂർ അമ്പലത്തിന് പുറകുവശങ്ങളിലുള്ള പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും പഴയ ലൈനിലേക്ക് പുതിയ 160 എം.എം പി.വി.സി പൈപ്പിൽ നിന്ന് ചാർജ്ജ് ചെയ്യുന്നതിനും ആവശ്യമായ തുക പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്യുന്നതിന് ആവശ്യമായ അടങ്കൽ ഡിവിഷൻ തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്.**<br>3. **പിഴല പമ്പ് ഹൗസിൽ നിന്ന് കടമക്കുടി പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്ക് പമ്പ് ചെയ്യുന്ന പഴയ 5 എച്ച്പി സെറ്റ് മാറ്റി പകരം 7.5 എച്ച്പി പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള അടങ്കൽ തയ്യാറാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ